# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3164** **28.01.2014-ൽ മറുപടിക്ക്**

<u>കേബിളുകൾ സ്ഥാപിക്കുവാൻ അനുമതി നൽകുന്നതിലുള്ള ക്രമക്കേട്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> | <u>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്</u><br><u>പൊതുമരാമത്ത് വകുപ്പ് മന്ത്രി</u> |
| (എ) പൊതുമരാമത്ത് വകുപ്പ് റോഡുകളിലൂടെ കേബിളുകൾ വലിക്കുന്നതിനും, കുഴിച്ചിടുന്നതിനും അനുമതി നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ ക്രമക്കേടു നടത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) റോഡുകളിലൂടെ കേബിളുകൾ വലിക്കുന്നതിനും കുഴിച്ചിടുന്നതിനും അനുമതി നൽകുന്ന കാര്യത്തിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) റിലയൻസ് കേബിൾ സ്ഥാപിക്കാൻ അനുമതി നൽകിയതിൽ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ അന്വേഷണം നടത്തി ബന്ധപ്പെട്ടവരിൽനിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവിറക്കിയപ്പോൾ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് നഷ്ടമൊന്നും ഉണ്ടായിട്ടില്ല. |
| (സി) ഉപയോഗമില്ലാതെ റോഡിലൂടെ സ്ഥാപിച്ചിട്ടുള്ള എല്ലാ കേബിളുകളും പോസ്റ്റുകളും നീക്കം ചെയ്ത് അപകട സാധ്യതകൾ ഒഴിവാക്കുമോ? | |

സെക്ഷൻ ഓഫീസർ